തമിഴ്നാട് സർക്കാർ ആവിഷ്കരിച്ച 18-ാം കനാൽ പദ്ധതി തടയാൻ നടപടി

129 [1068] *ശ്രീ. റോഷി അഗസ്റ്റിൻ:*

,, *തോമസ് ചാഴികാടൻ:*

,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നും കൂടുതൽ വെള്ളം കടത്തുന്നതിന് തമിഴ്നാട് സർക്കാർ ആവിഷ്കരിച്ച 18-ാം കനാൽ പദ്ധതി തേക്കടി തടാകം വറ്റി വരളാൻ കാരണമാകുമെന്ന കാര്യത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) കേരളത്തിന് കോട്ടം സംഭവിക്കുന്ന പ്രസ്തുത കനാൽ പദ്ധതി തടയാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) മുല്ലപ്പെരിയാർ ഡാമിൽനിന്നും സ്പിൽവേ വഴി ഇടുക്കി ഡാമിലേക്ക് ജലം ഒഴുകാതിരുന്നാൽ കേരളത്തിന്റെ വൈദ്യുതി ഉൽപാദനത്തിൽ വർദ്ധിച്ച തോതിലുള്ള കുറവുണ്ടാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) 1886-ലെ പെരിയാർ പാട്ടക്കരാർപ്രകാരം നദിയുടെ അടിത്തട്ടിൽനിന്നും 155 അടി കൊണ്ടൂർ ലൈനിൽ ചുറ്റപ്പെട്ട പ്രദേശത്തേക്കോ, പ്രദേശത്തുനിന്നോ, പ്രദേശത്തുകൂടിയോ ഒഴുകുന്ന എല്ലാ ജലവും തമിഴ്നാടിന് അവകാശപ്പെട്ടതാണ്. ഇപ്രകാരം ജലം ടണൽവഴി ഹോർണേ ഡാമിൽ എത്തിച്ച് തമിഴ്നാട് കൊണ്ടുപോകുന്നതുകൊണ്ടാണ് തേക്കടി തടാകം വറ്റുന്നത്. 18 ാം കനാൽ പദ്ധതിയുമായി ഇതിന് ബന്ധമില്ല. പ്രസ്തുത കനാൽ നിർമ്മാണം തമിഴ്നാട്ടിലായതിനാൽ സർക്കാർ പഠനം നടത്തിയിട്ടില്ല. 1886-ലെ കരാറിന് ഇപ്പോഴും നിയമപ്രാബല്യമുള്ളതിനാൽ കനാൽ പദ്ധതി തടയാൻ കേരള സർക്കാരിന് നിയമപരമായി അവകാശമില്ല.

(സി) മുല്ലപ്പെരിയാർ അണക്കെട്ടിൽ 136 അടിയിൽ കൂടുതലായി ജലനിരപ്പ് ഉയരുമ്പോഴാണ് വെള്ളം കേരളത്തിലെ ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ സംഭരണികളിലെത്തുന്നത്. ഇടുക്കി പദ്ധതി വിഭാവനം ചെയ്തപ്പോൾ മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നുള്ള ജലത്തിന്റെ അളവ് കണക്കിലെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly